**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 880** **26-07-2021 - ൽ മറുപടിയ്ക്ക്**

**പട്ടയഭൂമി ദുരുപയോഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. തോമസ് ,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ സി ആർ മഹേഷ് | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | പട്ടയഭൂമി ദുരുപയോഗം ചെയ്തിട്ടുണ്ടോയെന്ന് പരിശോധിക്കാൻ റവന്യൂ വകുപ്പിൽ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; | (എ) | ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം പട്ടയം അനുവദിച്ചിട്ടുള്ള ഭൂമിയിൽ പട്ടയ വ്യവസ്ഥകൾ ലംഘിച്ച് വാണിജ്യ നിർമ്മാണ പ്രവർത്തനങ്ങൾ ഭാവിയിൽ നടത്താതിരിക്കുന്നതിനായി ഏത് ആവശ്യത്തിനാണ് പ്രസ്തുത പട്ടയം അനുവദിച്ചത് എന്നുള്ള വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലേ ബിൽഡിംഗ് പെർമിറ്റ് അനുവദിക്കാവൂ എന്ന വ്യവസ്ഥ ഉൾപ്പെടുത്തി ബന്ധപ്പെട്ട കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഭേദഗതി വരുത്തേണ്ടതാണെന്ന് ഉൾപ്പെടെയുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി 22.08.2019 ൽ ജി.ഒ (എം.എസ്) നം. 269/2019/റവ നമ്പരായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | പട്ടയ വ്യവസ്ഥകൾ ലംഘിച്ച കേസുകൾ കണ്ടെത്തി നടപടിയെടുക്കണമെന്ന ഹൈക്കോടതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം പട്ടയം അനുവദിച്ചിട്ടുള്ള ഭൂമിയിൽ പട്ടയ വ്യവസ്ഥകൾ ലംഘിച്ച് വാണിജ്യ നിർമ്മാണ പ്രവർത്തനങ്ങൾ ഭാവിയിൽ നടത്താതിരിക്കുന്നതിനായി ഏത് ആവശ്യത്തിനാണ് പ്രസ്തുത പട്ടയം അനുവദിച്ചത് എന്നുള്ള വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലേ ബിൽഡിംഗ് പെർമിറ്റ് അനുവദിക്കാവൂ എന്ന വ്യവസ്ഥ ഉൾപ്പെടുത്തി ബന്ധപ്പെട്ട കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഭേദഗതി വരുത്തേണ്ടതാണെന്ന് ഉൾപ്പെടെയുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി 22.08.2019 ൽ ജി.ഒ (എം.എസ്) നം. 269/2019/റവ നമ്പരായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | കൈവശ അവകാശ സർട്ടിഫിക്കറ്റുകളിൽ പട്ടയ ഭൂമി ഏത് ആവശ്യത്തിനായി പതിച്ചു നൽകിയതാണെന്ന് രേഖപ്പെടുത്താണമെന്ന് ഹൈക്കോടതി നിർദ്ദേശിച്ചിരുന്നോ; എങ്കിൽ ഇപ്രകാരം | (സി) | നിർദ്ദേശിച്ചിരുന്നു. ലാൻഡ് റവന്യൂ വകുപ്പിൽ സാക്ഷ്യപത്രങ്ങൾ നിലവിൽ ഓൺലൈൻ മുഖേനയാണ് അനുവദിക്കുന്നത്, കൈവശ സർട്ടിഫിക്കറ്റുകളിൽ റിമാർക്സ് കോളംകൂടി ഉൾപ്പെടുത്തി എന്താവശ്യത്തിനാണ് പതിച്ചു |

| | | | |
|---|---|---|---|
| | രേഖപ്പെടുത്തി സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നുണ്ടോ; വ്യക്തമാക്കുമോ; | | നൽകിയത് എന്ന വിവരം കൂടി രേഖപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | പട്ടയഭൂമിയുടെ ദുരുപയോഗം തടയുന്നതിനായി പ്രത്യേക കർമ്മപദ്ധതി തയ്യാറാക്കുമോ; വ്യക്തമാക്കുമോ? | (ഡി) | പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ